"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.545/2024/TAXES തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 15/03/2024-ലെ EXC/5682/2022-XE4 നമ്പർ ഉത്തരവ്
2. ശ്രീ. കെ.ബി.ബിനു 03/05/2024-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 24/05/2024-ലെ EXC/5682/2022-XE4 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.കെ.ബി.ബിനുവിനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേലുള്ള റിപ്പോർട്ട് പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

i) ശ്രീ.കെ.ബി.ബിനു തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായും, ശ്രീ.പി.എം.ഫസലുറഹ്മാൻ തൃശ്ശൂർ എക്സൈസ് ചേർപ്പ് റേഞ്ചിൽ എക്സൈസ് ഇൻസ്പെക്ടറായും ജോലി നോക്കിവരവെ 06.11.2022 തീയതി 12.30 മണിക്ക് അന്തിക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. ഹരീഷും പാർട്ടിയും, ചേർപ്പ് റേഞ്ചിലെ T.S No-39/22 കുഞ്ഞാലുക്കൽ കള്ള് ഷാപ്പിൽ നിന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ 29 കന്നാസുകളിലായി അനധികൃതമായി സൂക്ഷിച്ചിരുന്ന 870 ലിറ്റർ കള്ള് കണ്ടെടുത്ത് ഷാപ്പ് മാനേജർ ശ്രീ. രമേശ്.കെ.എസ്, ലൈസൻസി ശ്രീ. വിപിൻ എന്നിവരെ യഥാക്രമം ഒന്നും രണ്ടും പ്രതികളാക്കി അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈം. 1264/22 U/s 56 (b), 63, 13 of Abkari Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, തുടർന്ന് അന്നേദിവസം വൈകിട്ട്

അഞ്ച് മണിക്ക് ചേർപ്പ് റെയിഞ്ച് അതിർത്തിയിലുള്ള ആലപ്പാട് വില്ലേജിൽ പൊറത്തൂർ ദേശത്ത് കുരുംബപറമ്പിൽ വീട്ടിൽ വേലായുധൻ മകൻ ഷാജി (53 വയസ്സ്) എന്നയാളുടെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡ് 6(1) നമ്പർ വീടിന്റെ പിൻവശത്തുള്ള കെട്ടിടത്തിൽ നിന്നും 36 കന്നാസുകളിലായി അനധികൃതമായി സൂക്ഷിച്ചിരുന്ന 1065 ലിറ്റർ സ്പിരിറ്റ് അന്തിക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. ഹരീഷ്.എം.സി കണ്ടെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ടി പോലീസ് സ്റ്റേഷൻ ക്രൈം. 1265/22 U/s 55(a) of Abkari Act പ്രകാരം മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ന്റെ 22.11.2022-ലെ CA/ADEC-68/2022 നമ്പർ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ii) ടി റിപ്പോർട്ട് പരിശോധിച്ചതിൽ അന്തിക്കാട് പോലീസ് കണ്ടുപിടിച്ച മേൽ വിവരിച്ച കേസുകൾ, പരിശോധിക്കുമ്പോൾ ചേർപ്പ് റേഞ്ച് എക്സൈസ് ഇൻസ്പെക്ടറും, ചേർപ്പ് റെയ്ഞ്ച് ഉൾപ്പെട്ടുവരുന്ന തൃശ്ശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ അധികാര പരിധിയിൽ വരുന്ന കള്ള് ഷാപ്പുകളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും പരിശോധന നടത്തി കള്ള് ഷാപ്പുകളിൽ അനധികൃതമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിൽ കുറ്റാരോപിതർ പരാജയപ്പെട്ടിരിക്കുന്നതായും, കുറ്റാരോപിതരുടെ ഒത്താശയോടെയാണ് ഇത്തരം പ്രവർത്തികൾ നടന്നുവരുന്നതെന്നും, ചേർപ്പ് റേഞ്ച് അതിർത്തിയിൽ നിന്നും 1065 ലിറ്റർ സ്പിരിറ്റ് പിടികൂടിയതിൽ നിന്നും വ്യാജമദ്യ നിർമ്മാണവും വ്യാജകള്ള് നിർമ്മാണവും നടക്കുന്നത് ഫലപ്രദമായി തടയുന്നതിനും കുറ്റാരോപിതരായ ഉദ്യോഗസ്ഥർ പരാജയപ്പെട്ടതായി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ റിപ്പോർട്ട് പ്രകാരം വെളിവാകുകയുണ്ടായി.

iii) മേൽ വിവരിച്ച കുറ്റകൃത്യം കണ്ടുപിടിച്ച് നടപടി സ്വീകരിക്കാതിരുന്നത് തൃശ്ശൂർ ഡിവിഷനിലെ തൃശ്ശൂർ എക്സൈസ് സർക്കിളിന്റെ അധികാരപരിധിയിലെ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലെ ഉദ്യോഗസ്ഥരുടെ ഉദാസീനതയും രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിലുള്ള വീഴ്ചയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിലുള്ള എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ വീഴ്ചയുമാണ് വെളിവാക്കുന്നതെന്നും, അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിനും നിർമ്മാർജനം ചെയ്യുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ അവരുടെ കൃത്യനിർവ്വഹണം യഥാവിധി നടത്തുന്നുണ്ടെന്ന് ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിച്ച് ഉറപ്പുവരുത്തുന്നതിന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായും മേൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ബോദ്ധ്യമാകുകയുണ്ടായി.

iv) കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ അധികാര പരിധിയിലെ റേഞ്ച്/സർക്കിളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിനും, രഹസ്യവിവര ശേഖരണം നടത്തുന്നതിനും അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും കുറ്റാരോപിതരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായും, ടിയാന്മാരുടെ പ്രവൃത്തി തികച്ചും ഓദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതിലെ അലംഭാവവും, ജാഗ്രതയില്ലായ്മയും നിരുത്തരവാദപരവും, ഓദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും

ഗുരുതരമായ കൃത്യവിലോപവുമാണെന്ന് കണ്ട് കുറ്റാരോപിതരോട് വിശദീകരണം ആരാഞ്ഞുകൊണ്ട് 22.12.2022-ന് എക്സൈസ് കമ്മീഷണർ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് കുറ്റാരോപിതർ മറുപടി സമർപ്പിക്കുകയുണ്ടായി. കുറ്റാരോപിതർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ അച്ചടക്കനടപടിയുടെ ഭാഗമായി എക്സൈസ് കമ്മീഷണർ കുറ്റാരോപിതർക്ക് 18.05.2023-ൽ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക നൽകുകയുണ്ടായി. ആയതിന് കുറ്റാരോപിതർ പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി.

v) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു സമർപ്പിച്ച മറുപടി പ്രകാരം പോലീസ് കേസ് കണ്ടെടുത്ത ചേർപ്പ് റേഞ്ചിലെ 39-ാം നമ്പർ കള്ളുഷാപ്പിൽ 120 ലിറ്റർ കള്ള് പാലക്കാടുനിന്നും കൊണ്ടുവരുന്നതിന് പെർമിറ്റ് ഉള്ളതായും, മറ്റ് കള്ളുഷാപ്പുകളിലേക്കുള്ള കള്ളുകൂടി വാഹനത്തിൽ കൊണ്ടുവരവെ വാഹനത്തിന് തകരാർ വന്നത് കാരണമാണ് 870 ലിറ്റർ ടി കള്ളുഷാപ്പിൽ പരിശോധനാസമയത്ത് ഉണ്ടായിരുന്നതെന്നും, ടി വാഹനം ബ്രേക്ക്ഡൗൺ ആയത് ലൈസൻസി അറിയിച്ചിരുന്നില്ലായെന്നും ആയത് തങ്ങളുടെ പിഴവായി കണക്കാക്കരുതെന്നും അപേക്ഷിക്കുകയുണ്ടായിയെന്നും കൂടാതെ തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ ചുമതലയേറ്റ് 82 ദിവസമായപ്പോഴാണ് കേസ് കണ്ടെടുത്തതെന്നും ടി ദിവസം കോടതിയിൽ മൊഴി നൽകുന്നതിനായി പോയിരുന്നതായും സ്പിരിറ്റ് കണ്ടെടുത്ത സ്ഥലം ഗ്രാമപ്രദേശമാണെന്നും പെട്ടെന്ന് ശ്രദ്ധിക്കപ്പെടുന്ന സ്ഥലമല്ലായെന്നും മറുപടി അംഗീകരിച്ച് തുടർനടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

vi) എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ഫസലുറഹ്മാൻ സമർപ്പിച്ച മറുപടി പ്രകാരം 02.11.2022 മുതൽ 08.11.2022 വരെ ടിയാൻ അവധിയിലായിരുന്നുവെന്നും, 01.02.2022 മുതൽ ചേർപ്പ് എക്സൈസ് ഇൻസ്പെക്ടറായി ചുമതലയേറ്റതുമുതൽ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും പ്രവർത്തിച്ചിട്ടുള്ളതായും ടി കാലയളവിൽ 21 അബ്കാരി കേസുകളും 29 എൻ.ഡി.പി.എസ് കേസുകളും കണ്ടെത്തിയിട്ടുള്ളതായും ടി കള്ള്ഷാപ്പ് 8 തവണ പരിശോധന നടത്തിയതായും ബോധിപ്പിക്കുകയുണ്ടായി. മറുപടി അംഗീകരിച്ച് തുടർനടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

vii) പ്രതിവാദപത്രികയിലെ കുറ്റാരോപിതരുടെ വിശദീകരണം ബന്ധപ്പെട്ടരേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായും കുറ്റമറ്റതായ രീതിയിലും നിർവ്വഹിക്കുന്നതിന് കുറ്റാരോപിതരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായും, ടിയാന്മാരുടെ അധികാരപരിധിയിലെ കള്ളുഷാപ്പുകൾ അബ്കാരി നിയമവിധേയമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ടിയാന്മാർ പരാജയപ്പെട്ടതായും ബോദ്ധ്യമാകുകയുണ്ടായി. കൂടാതെ തൃശ്ശൂർ എക്സൈസ് സർക്കിളിന്റെ അധികാരപരിധിയിൽ നിന്നും പോലീസ് സ്പിരിറ്റ് കണ്ടെത്തി കേസെടുക്കുന്നതിനിടയായത് അധികാരപരിധിയിലെ ഉദ്യോഗസ്ഥരുടെ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അലംഭാവവും ജാഗ്രതയില്ലായ്മയുമാണെന്ന് വെളിവാകുകയുണ്ടായി. ആയതിനാൽ ഇക്കാര്യത്തിൽ കുറ്റാരോപിതർ കടുത്ത ശിക്ഷയ്ക്ക് അർഹരാണെന്ന് കാണുന്നുവെങ്കിലും ഇക്കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും,

നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (iii) പ്രകാരം കുറ്റാരോപിതരുടെ അടുത്ത വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടയാൻ താൽക്കാലികമായി തീരുമാനിക്കുകയും ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് കുറ്റാരോപിതർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകിയതിന് കുറ്റാരോപിതർ മറുപടി സമർപ്പിക്കുകയുണ്ടായി.

viii) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു സമർപ്പിച്ച മറുപടിയിൽ ടിയാനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ലാത്തതാണെന്നും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ മനപൂർവ്വമായ യാതൊരു അലംഭാവവും ജാഗ്രതകുറവും ഉണ്ടായിട്ടില്ലായെന്നും നിരപരാധിത്വം ബോദ്ധ്യപ്പെട്ട് കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

ix) എക്സൈസ് ഇൻസ്പെക്ടർ ശ്രീ. പി.എം.ഫസലുറഹ്മാൻ സമർപ്പിച്ച മറുപടിയിൽ നാളിതുവരെ ആത്മാർത്ഥതയോടെയും, സത്യസന്ധതയോടെയും കൃത്യനിർവ്വഹണം നടത്തിയിട്ടുള്ളതായും ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയാൻ താൽക്കാലികമായി തീരുമാനിച്ചത് സാമ്പത്തീക ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുമെന്നും ആയതിനാൽ ടി തീരുമാനം പുനപരിശോധിച്ച് ശിക്ഷാനടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

2) കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകളും, പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ കുറ്റാരോപിതർക്ക് താൽക്കാലികമായി നൽകുവാൻ തീരുമാനിച്ച ശിക്ഷ പുനപരിശോധിക്കേണ്ടതായ പുതിയ കാര്യങ്ങളോ വിശദീകരണമോ സമർപ്പിക്കുകയുണ്ടായില്ല. കുറ്റാരോപിതർക്കെതിരെയുള്ള കുറ്റം അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതും താൽക്കാലികമായി തീരുമാനിച്ച ശിക്ഷയ്ക്ക് കുറ്റാരോപിതർ അർഹരാണെന്ന് ബോദ്ധ്യമായിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു, എക്സൈസ് ഇൻസ്പെക്ടർ ശ്രീ. പി.എം.ഫസലുറഹ്മാൻ എന്നിവർക്കെതിരായ അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുകയുണ്ടായി. കുറ്റാരോപിതർക്കെതിരെയുള്ള കുറ്റം അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതിന്റെയും കുറ്റാരോപിതർ ശിക്ഷയ്ക്ക് അർഹരാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു, എക്സൈസ് ഇൻസ്പെക്ടർ ശ്രീ. പി.എം.ഫസലുറഹ്മാൻ എന്നിവരുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുകയുണ്ടായത്. മേൽ സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കും പ്രകാരമുള്ള ടിയാന്റെ വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു:-

"തൃശ്ശൂർ എക്സൈസ് സർക്കിൾ പരിധിയിൽ തൃശ്ശൂർ,ചേർപ്പ്,അന്തിക്കാട്,കോലഴി എന്നിങ്ങനെ നാല് റെയിഞ്ചുകളും നാല് റെയിഞ്ച്കളിലും ആയി 117 കള്ള് ഷാപ്പുകളും 34 FL 03 ഷോപ്പുകളും 12 FL 11 ഷോപ്പുകളും 13 KSBC ഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. ചേർപ്പ് റെയിഞ്ചിൽ 36 കള്ള് ഷോപ്പുകൾ ആണ് പ്രവർത്തിച്ച വരുന്നത് കൂടാതെ ചേർപ്പ് റെയിഞ്ച് നാല് പോലീസ് സ്റ്റേഷനുകളുടെ പരിധി ഉൾക്കൊള്ളുന്നത് ആണ്. ചേർപ്പ് റേഞ്ചിലെ ടി എസ് നമ്പർ 39/2022 - 23 കള്ള് ഷാപ്പിൽ റെയിഞ്ച് പരിധിയിൽ നിന്ന് ചെത്തുന്ന കള്ള് കൂടാതെ പാലക്കാട് നിന്ന് പെർമിറ്റ് പ്രകാരം കൊണ്ടുവരുന്ന 120 ലിറ്റർ കള്ളും വില്പന നടത്തിവരുന്നു. പാലക്കാട് നിന്ന് നിയമാനുസരണം കൊണ്ടുവരുന്ന കള്ള് ചേർപ്പ് റെയിഞ്ചിന്റെ പരിധിയിലേ വിവിധ കള്ള് ഷാപ്പുകളിൽ എത്തിച്ച് വിൽപ്പന നടത്തുന്നതിന് ലൈസൻസിക്ക് അനുമതി ഉള്ളതാണ്. സംഭവദിവസം മറ്റ് കള്ളുഷാപ്പുകളിലേക്കുള്ള കള്ളും പ്രസ്തുത കള്ള് ഷാപ്പിലേക്ക് ഉള്ള 120 ലിറ്റർ കള്ളും സഹിതം അംഗീകൃത വാഹനം എത്തുകയും വാഹനം ബ്രേക്ക്ഡൗൺ ആയതിനെ തുടർന്ന് കള്ള് പൂർണ്ണമായും ഈ കള്ള് ഷാപ്പിൽ ഇറക്കി വയ്ക്കുകയും കേടായ വാഹനം റിപ്പയർ ചെയ്തു തകരാർ പരിഹരിച്ച് തിരിച്ച് എത്തുന്നതിന് മുൻപ് അന്തിക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറും പാർട്ടിയും ഈ കള്ള് ഷാപ്പ് പരിശോധിക്കുകയും അനധികൃതമായി 870 ലിറ്റർ കള്ള് കണ്ടതിനെ തുടർന്ന് കേസെടുക്കുകയും ആണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഷാപ്പിലേക്ക് ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള 120 ലിറ്റർ കള്ള്മാത്രം സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തുകയും നിയമം അനുവദിക്കാത്തതിനാൽ ബാക്കിയുള്ള 870 ലിറ്റർ കള്ള് സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നില്ല. അംഗീകൃത വാഹനം കേടായത് മൂലം 870 ലിറ്റർ കള്ളിന്റെ താൽക്കാലികമായ സംഭരണം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അപേക്ഷയോ അറിവോ എനിക്ക് ലഭിച്ചിരുന്നില്ല. അപ്രതീക്ഷിതമായി വാഹനം കേടായത് മൂലം താൽക്കാലികമായി കള്ള് സൂക്ഷിക്കേണ്ടി വന്നത് എന്റെ വീഴ്ചയായി കാണരുതെന്നും ആയതിന്റെ പേരിൽ എനിക്കെതിരെ യാതൊരുവിധ അച്ചടക്ക നടപടികളും സ്വീകരിക്കരുതെന്നും താഴ്മയായി അപേക്ഷിക്കുന്നു. അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 1265/2022 u/s 55 (a) പ്രകാരം രജിസ്റ്റർ ചെയ്ത സ്പിരിറ്റ് കേസ് കണ്ടെടുത്തിരിക്കുന്നത് ഗ്രാമപ്രദേശത്ത് വാഹനഗതാഗതം തീരെ കുറവുള്ള ഒരു സ്ഥലത്തുനിന്നും ആണ്. പൊതുവേ വിജനമായ സ്ഥലത്ത് അപ്രതീക്ഷിതമായി വാഹനം കണ്ടത് സംബന്ധിച്ച് സമീപവാസികൾക്ക് ഉണ്ടായ സംശയത്തെ തുടർന്ന് പോലീസിൽ അറിയിക്കുകയും അപ്രകാരം കേസ് കണ്ടെടുക്കുകയും ആണ് ഉണ്ടായിട്ടുള്ളത്. മേൽ രണ്ട് കേസുകൾക്കും ആധാരമായ സംഭവങ്ങൾ ഒരു സ്ഥിരം പ്രവർത്തനമായിരുന്നുവെങ്കിൽ ടി സംഭവസ്ഥലങ്ങൾക്ക് 05 കിലോമീറ്റർ ചുറ്റളവിൽ ഉള്ള ചേർപ്പ് എക്സൈസ് റെയിഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥരുടെയോ 16 കിലോമീറ്റർ വീതം അകലെ ഉള്ള തൃശ്ശൂർ EI&IB, തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസ് എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെയോ 19 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ EE&ANSS ലെ ഉദ്യോഗസ്ഥരുടെയോ ശ്രദ്ധയിൽപെടുമായിരുന്നു. മല്ലപ്പള്ളി എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ ആയിരിക്കെ പ്രമോഷൻ ലഭിച്ച് തൃശ്ശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആയി ചുമതലയേറ്റ് 82ആം ദിവസം ആണ് മേൽ കേസുകൾക്ക് ആധാരമായ

സംഭവങ്ങൾ ഉണ്ടാകുന്നത്. മേൽ കേസുകൾ കണ്ടെടുത്തത് 06.11.2022 തീയതി ആണ്. കട്ടപ്പന അസിസ്റ്റന്റ് സെഷൻസ് കോടതി മുമ്പാകെ 400/2021 കേസിൽ മൊഴി നൽകുവാൻ ഹാജരാകുന്നതിന് 06.11.2022 തീയതി രാവിലെ ഞാൻ ഓഫീസ് വിട്ടുപോന്നിട്ടുള്ളതും ആണ്. എന്റെ ആഭാവത്തിൽ എന്റെ സാന്നിധ്യം ഇല്ലാതിരുന്നപ്പോളാണ് മേൽ കുറ്റകൃത്യങ്ങൾ കണ്ടെത്തിയിട്ടുള്ളത്. എന്റെ സാന്നിധ്യം ഇല്ലാതിരുന്നപ്പോൾ സംഭവിച്ച ഒരു കുറ്റകൃത്യം എന്റെ വീഴ്ചയായിക്കണ്ട് എന്നെ ശിക്ഷിക്കരുതെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. മേൽ കേസുകളിൽ ഏതെങ്കിലും എക്സൈസ് ഉദ്യോഗസ്ഥന് നേരിട്ടോ അല്ലാതെയോ ഏതെങ്കിലും തരത്തിലുള്ള മുൻ അറിവോ ബന്ധമോ ഉള്ളതായി പോലീസിന്റെ യാതൊരു രേഖയിലും ഇല്ലാത്തതും ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതും ആകുന്നു. എന്നിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ ഞാൻ ചെയ്തിട്ടില്ലാത്തതാകുന്നു. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലെ ഓദ്യോഗിക കൃത്യനിർവഹണത്തിൽ മനപ്പൂർവ്വമായ യാതൊരുവിധ അലംഭാവവും ജാഗ്രത കുറവും എന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് അങ്ങയുടെ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു. ഭാര്യയും രണ്ട് മക്കളും പ്രായമായ അച്ഛനും അമ്മയും അടങ്ങുന്ന ഒരു സാധാരണ കുടുംബമാണ് എന്റേത്. എന്റെ ഭാര്യയ്ക്ക് ജോലിയില്ല എന്റെ വരുമാനം മാത്രമാണ് കുടുംബത്തിന്റെ ഏക ആശ്രയം ആയതിനാൽ എനിക്ക് അർഹതപ്പെട്ട വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് തടയുന്നത് മൂലമുള്ള സാമ്പത്തിക നഷ്ടം എനിക്ക് വളരെ വലുതാണ് എനിക്കെതിരെ കുറ്റം ആരോപിക്കുന്ന മേൽ കേസിനു ശേഷം തൃശ്ശൂർ ജില്ലയിൽ മാത്രം പോലീസ് സ്പിരിറ്റ് വ്യാജ മദ്യം എന്നിവയുമായി ബന്ധപ്പെട്ട് കേസുകൾ എടുത്തിട്ടുള്ളതും എന്നാൽ മേൽ കേസുകൾ കണ്ടെടുത്തതുമായി ബന്ധപ്പെട്ട് കേസെടുത്ത അധികാരപരിധിയിൽ ചുമതലയുണ്ടായിരുന്ന വിവിധ ശ്രേണികളിൽ ഉള്ള എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ യാതൊരുവിധ അച്ചടക്ക നടപടികളും സ്വീകരിക്കാതെ അവരുടെ ആത്മവീര്യം നിലനിർത്തുന്ന രീതിയിൽ വളരെ അനുഭാവപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ കേവലം രണ്ടര മാസക്കാലം മാത്രം ജോലി ചെയ്തു വരവേ ഉണ്ടായ സംഭവത്തിൽ എന്നെ ശിക്ഷിക്കരുതെന്നും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ സ്വീകരിച്ച അനുഭാവ പൂർണമായ സമീപനം എന്റെ കാര്യത്തിലും കൈക്കൊള്ളണമെന്നും എനിക്കെതിരായ ശിക്ഷണ നടപടി പിൻവലിക്കാൻ സമക്ഷത്തുനിന്നും ദയവുണ്ടാകണമെന്നും ഒരു എക്സൈസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ എന്റെ ആത്മവീര്യം നിലനിർത്താൻ അങ്ങയുടെ വിലയേറിയ പിന്തുണ ഉണ്ടാകണമെന്നും എന്റെ നിരപരാധിത്വം ബോധ്യപ്പെട്ട് എന്നെ കുറ്റവിമുക്തനാക്കുവാൻ കനിവ് ഉണ്ടാകണമെന്നും താഴ്മയായി അപേക്ഷിച്ചുകൊണ്ട് ഈ അപ്പീൽ പരാതി അനുബന്ധ ഉത്തരവുകൾ ചേർത്ത് സദയം സമർപ്പിച്ചുകൊള്ളുന്നു."

4) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു സമർപ്പിച്ച അപ്പീൽ അപേക്ഷ, എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. കെ.ബി.ബിനു ഔദ്യോഗിക പദവിയിൽ ഇരിക്കുന്ന എക്സൈസ് സർക്കിൾ ഓഫീസിന്റെ പരിധിയിൽ നിന്നും ഒരേ ദിവസം തന്നെ രണ്ട് സ്ഥലങ്ങളിൽ നിന്നും അനധികൃതമായി സൂക്ഷിച്ചിരുന്ന 870 ലിറ്റർ കള്ള് ,അനധികൃതമായി സൂക്ഷിച്ചിരുന്ന 1065 ലിറ്റർ സ്പിരിറ്റ് എന്നിവ പോലീസ് ഉദ്യോഗസ്ഥർ കണ്ട് പിടിച്ച് കേസ് രജിസ്ററർ ചെയ്തിട്ടുള്ളത് . ആയതിനാൽ തന്നെ ടി വിഷയത്തിൽ

കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ അധികാര പരിധിയിലെ റേഞ്ച്/സർക്കിളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിനും, രഹസ്യവിവര ശേഖരണം നടത്തുന്നതിനും അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും കുറ്റാരോപിതരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായും, ടിയാന്മാരുടെ പ്രവൃത്തി തികച്ചും ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതിലെ അലംഭാവവും, ജാഗ്രതയില്ലായ്മയും നിരുത്തരവാദപരവും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഗുരുതരമായ കൃത്യവിലോപവുമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് കമ്മീഷണർ ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച് വന്നിരുന്ന അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിട്ടുള്ളതെന്നതിനാൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.കെ.ബി.ബിനു സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.കെ.ബി.ബിനു പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ശ്രീ. കെ.ബി.ബിനു,എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ.(എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 18-06-2024 15:02:58
സെക്ഷൻ ഓഫീസർ